DESPATCHED
On. 12/02/2020
17. 1. 20.


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം–695 001
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in


ഹർജി നമ്പർ **CP 621(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.7922/SIC-Gen5/2015**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ഖലീൽ പി.കെ.,
അൽ കരിഷ്മ മൻസിൽ,
കൂത്തുപറമ്പ് പി.ഒ.,
കണ്ണൂർ – 670 643.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ,
കൂത്തുപറമ്പ്, കണ്ണൂർ.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 16.2.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | – |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 13.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 1.6.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | പരാതി ഹർജിക്കാരനു വേണ്ടി ടിയാന്റെ പ്രതിനിധി ഹാജരായി. എതിർകക്ഷി ഹാജരായി. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഖലീൽ പി.കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട യാതൊരു വിവരവും മറുപടിയും 5.5.2015 വരെ എതിർകക്ഷി ലഭ്യമാക്കിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

(i) കൂത്തുപറമ്പ് പോലീസ് വാഹന പരിശോധന സമയം വാഹനത്തിലെ ഡ്രൈവറുടെ ലൈസൻസും വാഹനങ്ങളുടെ രേഖകളും കസ്റ്റഡിയിൽ

എടുക്കുമ്പോൾ വാഹനത്തിലെ ഡ്രൈവർക്ക് രസീത് നിയമപരമായി നൽകേണ്ടതുണ്ടോ എന്നും

(ii) ഓട്ടോറിക്ഷകളുടെ ഫെയർ മീറ്റർ, ഫെയർ മീറ്റർ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിക്കുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും കുത്തുപറമ്പ് പോലീസിന് നിയമപരമായി അനുമതി ഉണ്ടോ എന്നും

(iii) വാഹന പരിശോധന നടത്തുവാൻ കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ നിയമപരമായി അനുമതിയുള്ള പോലീസ് ഓഫീസറുടെ പേരു വിവരങ്ങൾ നൽകണമെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എസ്.പി.ഐ.ഒ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 20.5.2015 തീയതി മറുപടി കൊടുത്തതായി കാണുന്നു എന്നാണ്. ഹർജിക്കാരനുവേണ്ടി ഹാജരായ ടിയാന്റെ പ്രതിനിധി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് മറുപടി നൽകിയത് 29.5.2015 തീയതി ആണെന്നും ആയത് കമ്മീഷൻ മുമ്പാകെ പരാതി ഹർജി നൽകിയതിനുശേഷമാണ് ലഭ്യമായിട്ടുള്ളത് എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിരുന്നില്ലെന്നു കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ മേൽപ്പടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

4. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk